# Malayala Manorama
# 29 August 2018
# Kakkanad, After Flood, Relief Camps



**ഇനിയും നാം കൂട്ടുകാർ:** പറവൂർ മാത്തുംപടിയിലെ സെന്റ് അഗസ്റ്റ്യൻസ് പള്ളിയിലെ ദുരിതാശ്വാസ ക്യാംപിൽ ഒരാഴ്ചയോളം ഒന്നിച്ചുണ്ടായിരുന്ന കൊച്ചുത്രേസ്യ ഔസേപ്പും ലീന അഭിലാഷും ക്യാംപിന്റെ അവസാന ദിവസമായ ഇന്നലെ വിടപറയുന്നു.

ചിത്രം:മനോരമ

## ക്യാംപുകളിൽ ഇനി 11,676 പേർ

കാക്കനാട് • ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാംപുകളിൽ നിന്ന് ഇന്നലെ 15,401 പേർ കൂടി വീടുകളിലേക്കു മടങ്ങി. ഇനി അവശേഷിക്കുന്നതു 11,676 പേർ. ക്യാംപുകളുടെ എണ്ണം 37 ആയി കുറഞ്ഞു. ഇന്നലെ 25 ക്യാംപുകൾ അടച്ചു പൂട്ടി.

3,432 കുടുംബങ്ങളിലെ അംഗങ്ങളാണ് ഇപ്പോഴും ദുരിതാശ്വാസ ക്യാംപിൽ കഴിയുന്നത്. 4,680 സ്ത്രീകളും 4,272 പുരുഷൻമാരും 2,724 കുട്ടികളുമാണ് ഇക്കൂട്ടത്തിലുള്ളത്. അംഗങ്ങളുടെ എണ്ണം കുറഞ്ഞ ഏതാനും ക്യാംപുകൾ അടച്ചു പൂട്ടി അവരെയും മറ്റു ക്യാംപുകളിലേക്കു മാറ്റി.

വീടുകളിലേക്കു പോയ ശേഷം താമസ യോഗ്യമല്ലാത്തതിനാൽ തിരിച്ചെത്തുന്നവരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. 938 ക്യാംപുകളാണ് ഇന്നലെ വരെ അടച്ചു പൂട്ടിയത്.

1,00,821 കുടുംബങ്ങളിലെ അംഗങ്ങൾ ഇതിനകം ക്യാംപ് വിട്ടു. ആളുകൾ ഒഴിഞ്ഞ എല്ലാ ക്യാംപുകളും തദ്ദേശ സ്ഥാപനങ്ങളുടെയും ശുചിത്വ മിഷന്റെയും സന്നദ്ധ ഏജൻസികളുടെയും മേൽനോട്ടത്തിൽ ശുചീകരിക്കും.

ഇന്നലെ അടച്ചത്

**25**

**ക്യാംപുകളുടെ എണ്ണം 37 ആയി കുറഞ്ഞു. ഇന്നലെ 25 ക്യാംപുകൾ അടച്ചു പൂട്ടി.**